പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4454 — 17.05.2017 -ൽ മറുപടിക്ക്.

## ഭക്ഷ്യധാന്യങ്ങൾ പൂഴ്ത്തിവെച്ചുണ്ടാക്കുന്ന വിലക്കയറ്റത്തിനെതിരെ നിയമനിർമ്മാണം

| ചോദ്യം<br>**ശ്രീമതി.വീണാ ജോർജ്ജ്** | മറുപടി<br>**ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
|---|---|
| (എ) വിലക്കയറ്റത്തിന് ആധാരമാകുന്ന പൂഴ്ത്തിവെപ്പ് പോലുള്ള സംഭവങ്ങൾ കണ്ടെത്തുമ്പോൾ ഇതിനെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്; വിശദമാക്കുമോ; | (എ) വിലക്കയറ്റത്തിന് ആധാരമാകുന്ന പൂഴ്ത്തിവെപ്പ് പോലുള്ള സംഭവങ്ങൾ കണ്ടെത്തുമ്പോൾ നിയമ ലംഘനം നടത്തുവർക്കെതിരെ 1955 ലെ അവശ്യ സാധന നിയമം, 1966 ലെ കേരള റേഷനിംഗ് ഓർഡർ, 1980 ലെ പ്രിവൻഷൻ ഓഫ് ബ്ലാക്ക് മാർക്കറ്റിംഗ് മെയിന്റനൻസ് ആന്റ് സപ്ലൈ ഓഫ് എസൻഷ്യൽ കമ്മോഡിറ്റീസ് ആക്ട് എന്നീ നിയമങ്ങൾ അനുശാസിക്കുന്ന ചട്ടങ്ങൾ അനുസരിച്ച് നിയമ നടപടികൾ സ്വീകരിക്കുകയും, അനധികൃത മായി സൂക്ഷിച്ചിരിക്കുന്ന ഭക്ഷ്യസാധനങ്ങൾ പിടിച്ചെടുത്ത് നടപടി ക്രമങ്ങൾ പൂർത്തിയാകുന്ന പ്രകാരം പൊതുവിതരണ ശൃംഖല വഴിയും സപ്ലൈകോ ഔട്ട് ലെറ്റ് വഴിയും വില്പന നടത്തി ലഭിക്കുന്ന തുക റവന്യൂ ഡെപ്പോസിറ്റായി സൂക്ഷിച്ച് സർക്കാരിലേയ്ക്ക് വസൂലാക്കുന്നു. |
| (ബി) ഭക്ഷ്യധാന്യങ്ങൾ പൂഴ്ത്തിവെച്ചുണ്ടാക്കുന്ന വിലക്കയറ്റം കണ്ടെത്തി, കേസ് രജിസ്റ്റർ ചെയ്യുമ്പോൾ ഇത്തരം കച്ചവട മാഫിയകൾക്ക് കഠിന ശിക്ഷ ഉറപ്പു വരുത്തുന്ന രീതിയിൽ നിയമ നിർമ്മാണം നടത്തുവാൻ നടപടികൾ സ്വീകരിക്കുമോ ? | (ബി) നിയമ ലംഘനം നടത്തുന്നവരെ പ്രോസിക്യൂട്ട് ചെയ്യാനും നിയമ ലംഘനത്തിന്റെ വ്യാപ്തി അനുസരിച്ച് തടങ്കലിൽ വയ്ക്കുക, പിഴ ഈടാക്കുക തുടങ്ങിയ കർശന ശിക്ഷണ നടപടികൾക്ക് നിലവിലെ നിയമത്തിൽ തന്നെ വ്യവസ്ഥയുണ്ട്. |

സെക്ഷൻ ഓഫീസർ